# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 851 30/06/2015 ലെ മറുപടിയ്ക്ക്

<u>നാട്ടിക മണ്ഡലത്തിലെ മുനയം റഗുലേറ്റർ കം-ബ്രിഡ്ജ്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ഗീതാ ഗോപി | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നാട്ടിക നിയോജക മണ്ഡലത്തിൽ ഇതിനകം ഭരണാനുമതി ലഭിച്ച കഴിഞ്ഞ മുനയം റഗുലേറ്റർ - കം- ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ എന്തെങ്കിലും പ്രതിബന്ധങ്ങൾ ഉണ്ടോ എന്ന് വിശദമാക്കുമോ ; | (എ) മുനയം റഗുലേറ്ററിന്റെ നിർമ്മാണ പ്രവൃത്തിക്ക് സർക്കാർ ഉത്തരവ് (ആർ.റ്റി) നം.1066/2013/ജ.വി.വ തീയതി 01/10/2013 പ്രകാരം 21.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റിൽ പാലത്തിന്റെ വീതി 3 മീറ്ററായാണ് കണക്കാക്കിയിരുന്നത്. ഭരണാനുമതി തുകയിൽ നിന്നുകൊണ്ട് പാലത്തിന്റെ വീതി 7 മീറ്റർ (2 lane) ആക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്. |
| (ബി) പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് അനിശ്ചിതമായ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കാമോ ;<br><br>(സി) കാലതാമസം ഒഴിവാക്കി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ? | (ബി) & (സി) ഇല്ല. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ